# 56

# യേശുവിന്റെ മുന്നറിയിപ്പും ശിഷ്യന്മാരുടെ ചോദ്യങ്ങളും

## (24:1- 3)

തന്നെ ത്യജിച്ചതിനും അവരുടെ കപടഭക്തിക്കും യേശു മത്തായി 23-ൽ ശാസ്ത്രിമാർക്കും പരീശന്മാർക്കും ഏഴ് ഹാ കഷ്ടം എന്നു പറയുന്നു. അദ്ധ്യായം അവസാനിപ്പിക്കുന്നതിനു മുൻപ്, “അവയെല്ലാം ഈ തലമുറ മേൽ വരും” എന്നാണ് അവൻ പറഞ്ഞത് (23:36), “നിങ്ങളുടെ ഭവനം ശൂന്യ മാകും!” എന്നും അവൻ പ്രവചിച്ചു (23:38). അത് അവന് അദ്ധ്യായം 24 നും 25 നും വഴിയൊരുക്കി, അവിടെ യെരുശലേം നാശത്തെ വിപുലമായും, തന്റെ രണ്ടാം വരവും, ലോകാവസാനവും രഹസ്യ പ്രസംഗത്തിൽ അവതരിപ്പിച്ചു. ഈ അദ്ധ്യായങ്ങളിലെ യേശുവിന്റെ ഉപദേശത്തെ ഇന്ന് “ഒലിവ് പ്രസംഗം” എന്നാണ് അറിയപ്പെടുന്നത്, കാരണം അത് ഒലിവ് മലയിൽ വെച്ചാണ് പ്ര സംഗിച്ചത്. പ്രസംഗം, വാസ്തവത്തിൽ ശിഷ്യന്മാരുടെ ചോദ്യങ്ങൾക്കുള്ള മറുപടി ആയിരുന്നു, പുതിയ നിയമത്തിൽ യേശു നൽകിയ ഉത്തരങ്ങളിൽ ദൈർഘ്യമേറിയതായിരുന്നു അത്.

അദ്ധ്യായം വ്യാഖ്യാനത്തിന് വെല്ലുവിളികൾ ഉയർത്തുന്നതാണ്. യേശു ഓരോ ചോദ്യത്തിനും പ്രത്യേക ഉത്തരം നൽകിയില്ല എന്നതാണ് ഒരു ബുദ്ധി മുട്ട്; അവൻ തന്റെ സംസാരം യെരുശലേം നാശത്തിൽനിന്നു തന്റെ രണ്ടാം വരവിലേക്കും പിന്നെ യുഗാവസാനത്തിലേക്കും കടക്കുന്നു. അദ്ധ്യായത്തെ ബാഹ്യരൂപരേഖ തയ്യാറാക്കി മനസിലാക്കുവാൻ പ്രയാസമാണ്. പ്രസംഗ ത്തിലെ വെളിപ്പാട് ഭാഷയും ഉപമകളുമാണ് മറ്റൊരു വെല്ലുവിളി. അതുകൊ ണ്ട്, ഏതാണ് അക്ഷരികം, ഏതാണ് ആലങ്കാരികം, ഏതാണ് ചിത്രീകരണം എന്ന് വേർതിരിച്ച് വായനക്കാരൻ മനസിലാക്കണം. അതിനു പുറമെ, അദ്ധ്യാ യത്തിൽ പ്രവചന മുൻനിഴലും ഉൾപ്പെടുത്തിയിരിക്കുന്നു. യെരുശലേം നാ ശം സംഭവിക്കുന്നത് ഏ. ഡി. 70 ലാണ്, അവന്റെ രണ്ടാം വരവ് (ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്ക് ശേഷം സംഭവിക്കുവാനിരിക്കുന്ന കാര്യമാണ്), എന്നാൽ യേശു ഇതെല്ലാം അടുത്തടുത്ത് സംഭവിക്കുവാനിരിക്കുന്നതുപോ ലെയാണ് ചേർത്ത് പറഞ്ഞിരിക്കുന്നത് (24:29). ഒരാൾ ദൂരെ നിന്നു രണ്ട് പ ർവ്വതങ്ങൾ കാണുന്നതുപോലെയാണ് പ്രവചന മുൻനിഴലുകൾ പലപ്പോഴും താരതമ്യം ചെയ്തിരിക്കുന്നത്: അത് രണ്ടും ദൂരെ നിന്നു നോക്കുമ്പോൾ അടുത്തടുത്താണെന്ന് തോന്നും, പക്ഷെ യഥാർത്ഥത്തിൽ അവ മൈലുകൾ അകലെയായിരിക്കും.

അത് എപ്പോൾ സംഭവിക്കുമെന്നും അവന്റെ രണ്ടാം വരവിനെ കുറിച്ചു മുള്ള ശിഷ്യന്മാരുടെ ചോദ്യങ്ങളെ തുടർന്ന് (24:1, 2), യേശു ദൈവാലയ നാ ശത്തെ മുന്നറിയിച്ചുകൊണ്ടാണ് അദ്ധ്യായം തുടങ്ങുന്നത് (24:3). അദ്ധ്യായ ത്തിലെ ശേഷിച്ച ഭാഗം (24:4-51) ചോദ്യങ്ങളോടുള്ള കർത്താവിന്റെ പ്രതിക രണങ്ങളെ ചുരുക്കി പറഞ്ഞിരിക്കുന്നു.

## യെരുശലേം നാശത്തെ കുറിച്ചുള്ള അവന്റെ മുന്നറിയിപ്പ് (24:1, 2)

**[1]യേശു ദൈവാലയം വിട്ടുപോകുമ്പോൾ, ശിഷ്യന്മാർ അവന്നു ദൈവാലയത്തിന്റെ പണി കാണിക്കേണ്ടതിന്നു അവന്റെ അടുക്കൽ വന്നു. [2]അവൻ അവരോട്, "ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു."**

**വാക്യം 1. യേശു** 21:23 മുതൽ **ദൈവാലയ** സമുച്ചയത്തിൽ വെച്ചായിരുന്നു ഉപദേശിച്ചത്. ആ സംഭവങ്ങൾക്ക് ശേഷം, അവൻ ദൈവാലയം വിട്ടുപോയിട്ട് മരണത്തിനു മുൻപാണ് അവിടേക്ക് വരുന്നത്. ഏതൊരു യെഹൂദനെയും പോലെ - **ശിഷ്യന്മാരെയും** - സംഭ്രമിപ്പിച്ചിരുന്നു, അത് ഒരിക്കലും നശിക്കുകയില്ല എന്നായിരിക്കാം അവർ വിചാരിച്ചത്.[1]

യേശുവിന്റെ കാലത്ത് മോറിയാ മലയിൽ നിലനിന്ന ദൈവാലയം, ഒരേ സ്ഥാനത്ത് മൂന്നാമത് പണിതതായിരുന്നു. ആ സ്ഥലം ഒരിക്കൽ യെബൂസ്യ പട്ടണമായിരുന്നു. അവിടെ വെച്ചാണ്, "അത്യുന്നതന്റെ പുരോഹിതനും," "ശാലേം രാജാവും" ആയിരുന്ന മൽക്കിസെദേക്കിനെ അബ്രഹാം കണ്ടുമുട്ടിയത് (ഉല്. 14:18-20; എബ്രാ. 7:1), അവിടെ വെച്ചായിരുന്നു അബ്രഹാം യിസഹാക്കിനെ യാഗം അർപ്പിക്കുവാൻ ശ്രമിച്ചത് എന്നു കരുതപ്പെടുന്നു (ഉല്. 22:2). അതേ പട്ടണത്തിൽ, അനേകം വർഷങ്ങൾക്ക് ശേഷം ദാവീദ് രാജാവ് അരവനയോട് യാഗം കഴിക്കുവാനായി അവന്റെ മെതിക്കളം വാങ്ങി (2 ശമു. 24:16-25).

ദാവീദ് ദൈവത്തിനു സ്ഥിരമായ ഒരു ആലയം പണിയുവാൻ ആഗ്രഹിച്ചു, എന്നാൽ അത് പണിയുന്നതിൽനിന്ന് അവനെ ദൈവം തടഞ്ഞു (2 ശമു. 7:1-14; 1 രാജാ. 5:3). ദാവീദ് ദൈവാലയ പണിക്കുള്ള സാധനസാമഗ്രികളും, പണവും, ജോലിക്കാരെയും സംഘടിപ്പിച്ചുവെങ്കിലും (1 ദിന. 22:2-16), ആദ്യ ദൈവാലയ പണി ശലോമോന്റെ നേതൃത്വത്തിലായിരുന്നു നടന്നത് (1 രാജാ. 6-8), അതുകൊണ്ടാണ് അതിനെ ശലോമോന്റെ ആലയം എന്നു വിളിച്ചിരുന്നത്. ദൈവാല പണി ബി. സി. 966-ൽ ആരംഭിക്കുകയും, ബി. സി. 959-ൽ പൂർത്തിയാക്കുകയും ചെയ്തു. കെട്ടിടത്തിന്റെ മുഖ്യ ഘടന ഈ വർഷങ്ങളിൽ പൂർത്തിയാക്കിയിരുന്നുവെങ്കിലും, ദൈവാലയ സമുച്ചയത്തിന്റെ മറ്റു കെട്ടിടങ്ങളും മറ്റു പലതും കൂട്ടിച്ചേർത്തു പിന്നെയും പതിമൂന്നു വർഷം ശലോമോൻ നിർമ്മാണം തുടർന്നുകൊണ്ടിരുന്നു. അങ്ങനെ അത് പുരാതന ലോകത്തിൽ "അത്ഭുതങ്ങളിൽ ഒന്നായി" അറിയപ്പെട്ടു. ബി. സി. 586-ൽ നെബൂഖെദ്നേസർ ദൈവാലയം അഗ്നിക്കിരയാക്കി (2 രാജാ. 25:9).

ബാബേൽ പ്രവാസശേഷം, പാർസി രാജാവായിരുന്ന കോരെശ് മഹാരാജാവ്, ശേഷിച്ച സ്ഥലംമാറി വന്നവരെ സ്വദേശത്തേക്ക് മടങ്ങി പോകുവാൻ അനുവദിച്ചു. ഏതാണ്ട് അമ്പതിനായിരം യെഹൂദന്മാർ ബി. സി. 537-ൽ യെഹൂദ്യയിലേക്കും യെരുശലേമിലേക്കും മടങ്ങി വന്നു (എസ്രാ. 2:64, 65). സെരുബാബേലിന്റെ നേതൃത്വത്തിൽ ആളുകൾ പഴയ സ്ഥാനത്തു തന്നെ ദൈവാലയം പണിയുവാൻ തുടങ്ങി. യാഗപീഠവും, ദൈവാലയത്തിന്റെ അടിസ്ഥാനവും പണിതശേഷം, ഏതാണ്ട് ഇരുപതു വർഷം പണി നിന്നുപോയി. ഹഗായി, സെഖര്യാവ് തുടങ്ങിയ പ്രവാചകന്മാരുടെ പ്രബോധനത്താൽ പ

ണി പുനരാരംഭിച്ചു (എസ്രാ. 5:1; 6:14; സെഖ. 1:1). രണ്ടാമത്തെ ആലയത്തെ "യഥാസ്ഥാനമാക്കി," "സെരുബാബേലിന്റെ ആലയം" എന്നു വിളിച്ചിരുന്നു, അത് പൂർത്തിയാക്കിയത്, ബി. സി. 516 ലാണ്. ശലോമോന്റെ ദൈവാലയത്തിന്റേതിൽനിന്ന് അതിനു പ്രൗഢി കുറവായിരുന്നുവെങ്കിലും, അത് അഞ്ഞുറു വർഷത്തോളം നിലനിന്നു. ആ ആലയം "ലോകമെങ്ങും പ്രസിദ്ധമായി"[2] എന്നാണ് അറിയപ്പെടുന്നത്.

മഹാനായ ഹെരോദാവിന്റെ കൽപനപ്രകാരം പണിത "മൂന്നാമത്തെ ആലയമായിരുന്നു" 24:1-ൽ യേശു പറഞ്ഞ ആലയം. ബി. സി. 19 ലായിരുന്നു ഹെരോദാവിന്റെ ആലയ പുനർനിർമ്മാണ പ്രക്രിയ ആരംഭിച്ചത്.[3] അകത്തെ അതിവിശുദ്ധസ്ഥലത്തിന്റെ പ്രാരംഭ പണികൾ $1^1/_2$ വർഷം കൊണ്ട് തീർത്തു, എന്നാൽ പുറമെയുള്ള അടച്ചുകെട്ടലുകൾ പണിയുവാൻ അടുത്ത എട്ടു വർഷം എടുത്തു.[4] എന്നിരുന്നാലും ദൈവാലയ സമുച്ചയ പണികൾ യേശുവിന്റെ കാലത്തും തുടർന്നിരുന്നു (യോഹ. 2:20). വാസ്തവത്തിൽ, എ. ഡി. 64 വരെ ദൈവാലയത്തിന്റെ പരിഷ്ക്കാര പണികൾ തുടർന്നുകൊണ്ടിരുന്നു.[5] ഈ ആലയം എ. ഡി. 70-ൽ റോമാ സൈന്യത്താൽ നശിപ്പിക്കപ്പെട്ടു. ഉജ്ജ്വല വാക്കുകളാൽ ജോസെഫസ്, ആ ഘടനയുടെ മനോഹാരിതയെ വർണ്ണിക്കുന്നു:

> മനുഷ്യരുടെ കണ്ണുകൾക്കും മനസിനും അതിശയിപ്പിക്കുവാൻ മറ്റൊന്നും ആവശ്യമില്ലാത്ത വിധത്തിൽ, ദൈവാലയത്തിന്റെ മുൻവശവും പുറമേയുള്ള ഭാഗങ്ങളും അതിമനോഹരമാക്കിയിരുന്നു, കാരണം അതിന്റെ പുറം, ഭാരമുള്ള സ്വർണ്ണപ്ലേറ്റുകൾ [കൊണ്ട്] ആവരണം ചെയ്തിരുന്നതിനാൽ, സൂര്യൻ ഉദിച്ചു വരുമ്പോൾ അതിന്റെ മനോഹാരിത പുറകിലേക്ക് പ്രതിഫലിക്കും, അതിലേക്ക് കണ്ണുകൾ പായിക്കുമ്പോൾ മഞ്ഞളിക്കുന്നതുകൊണ്ട് പെട്ടെന്ന് കണ്ണുകൾ പിൻവലിക്കുമായിരുന്നു. എന്നാൽ അപരിചിതർക്ക് ഈ ദൈവാലയം ദൂരെനിന്നു കാണുമ്പോൾ, മഞ്ഞു മൂടിയ മലകൾ പോലെ തോന്നും; കാരണം, അതിന്റെ ചില ഭാഗങ്ങൾ മോടി പിടിപ്പിച്ചിരുന്നില്ല, അവ തൂവെള്ള നിറമായിരുന്നു.[6]

താൽമൂദിൽ ദൈവാലയത്തെ "ലോകത്തിന്റെ കണ്ണ്" എന്നു വിളിച്ചിരുന്നു. "ഒരാൾ ഹെരോദാവിന്റെ ആലയം കണ്ടിട്ടില്ലെങ്കിൽ അയാൾ ഭംഗിയുള്ള കെട്ടിടം ഒരിക്കലും കണ്ടിട്ടില്ല" എന്നും പറയപ്പെട്ടിരുന്നു.[7]

**ദൈവാലയ കെട്ടിടങ്ങൾ** ശിഷ്യന്മാരെ വിസ്മയിപ്പിക്കുവാനുള്ള കാരണം ഒരുപക്ഷെ ദൈവാലയത്തിനു പുറത്തുള്ള മനോഹരമായ സ്തംഭങ്ങൾ ആയിരിക്കാം. ഹെരോദാവ് ഇവ പണികഴിച്ചപ്പോൾ ദൈവാലയം നിൽക്കേണ്ടതിനു അതിന്റെ അടിസ്ഥാനം ഇരട്ടിയാക്കിയിരുന്നു.[8] ജോസെഫസ് എഴുതി, "അവൻ ദൈവാലയത്തിനു ചുറ്റും വലിയ കമാനങ്ങൾ തീർക്കുകയും ... തനിക്ക് മുമ്പുള്ളവർ ആ പണിക്ക് ചിലവഴിച്ചതിനേക്കാൾ കൂടുതൽ പണം ചിലവഴിക്കുകയും, താൻ പണിത ആലയം പോലെ മറ്റാരും പണിതിട്ടില്ല എന്ന് വരുത്തി തീർക്കുകയും ചെയ്തു."[9] ഫിലോയും അതിനെക്കുറിച്ച് ഇങ്ങനെ വിവരിച്ചിരിക്കുന്നു:

ഈ ദൈവാലയത്തിന്റെ പുറംഭാഗം, നീളത്തിലും വീതിയിലും, എറ്റവും വിലയേറിയ രീതിയിൽ കെട്ടിപ്പൊക്കിയതായിരുന്നു. അവക്കോരോന്നിനും, രണ്ടു ഭാഗങ്ങൾ പണിത്, എല്ലാത്തരത്തിലുമുള്ള മരം, കല്ല് തുടങ്ങിയവ കൊണ്ട്, ഏറ്റവും നല്ല ജോലിക്കാരെ കൊണ്ട്, ഏറ്റവും നല്ല മേൽനോട്ടം വഹിച്ച് തീർക്കുകയായിരുന്നു. എന്നാൽ അകമേയുള്ള ഭാഗങ്ങൾ ചെലവ് ചുരുക്കി, വളരെ ലളിതമായ നിർമ്മാണമായിരുന്നു നടത്തിയിരുന്നത്. ആലയത്തിന്റെ നടുവിൽ, എല്ലാ വിവരണങ്ങൾക്കുമപ്പുറമായി ഭംഗിയേറിയതായിരുന്നു.[10]

തെക്കുവശത്തുള്ള സ്തംഭങ്ങളെ രാജകീയ മണ്ഡപങ്ങൾ എന്നാണ് വിളിച്ചിരുന്നത്, അത് വളരെ ആകർഷണീയവുമായിരുന്നു. അതിന്റെ ദൈർഘ്യതയെ വിവരിച്ച് ജോസെഫസ് പറഞ്ഞു, "ഇതുപോലെയുള്ള മറ്റൊന്ന് കണ്ടിട്ടില്ല, [അത്] അവിശ്വസനീയമായിരുന്നു, [അത്] വിസ്മയാവഹവുമായിരുന്നു."[11] അതുകൊണ്ട്, ശിഷ്യന്മാർ അത്ഭുതകരമായി കാണിച്ച ദൈവാലയ പണി, യേശുവിന്, പലപ്രാവശ്യം കണ്ടിട്ടും അതിശയകരമായിരുന്നില്ല.

**വാക്യം. 2.** അവർ കാണിച്ചതായ ആ മനോഹര ദൃശ്യത്തെ കണ്ടിട്ട്, യേശു പറഞ്ഞു, **"ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ലു ഇവിടെ ശേഷിക്കയില്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു."** ശിഷ്യന്മാർ കാണിച്ചതായ ആ കെട്ടിടം മഹാ വിപത്തിനിരയായി തീരും എന്നാണ് കർത്താവ് പറഞ്ഞത്; ദൈവാലയ സമുച്ചയത്തിന്റെ പൂർണമായ നാശത്തെയാണ് യേശു സൂചിപ്പിച്ചത്. "കല്ലിന്മേൽ കല്ല് ശേഷിക്കയില്ല" എന്നത് "നിർമ്മാണ പ്രക്രിയയുടെ നേരെ എതിരാണ്."[12]

യേശുവിൻെറ പ്രവചനം തീർച്ചയായും ശിഷ്യന്മാർക്ക് അവിശ്വസനീയമായിരുന്നു, കാരണം ഹെരോദാവ് നിർമ്മാണത്തിന് ഉപയോഗിച്ച ജോലിക്കാരുടെ മികവും കല്ലുകളുടെ വലിപ്പവും അതാണ് വ്യക്തമാക്കുന്നത്. പുറമേ ഉപയോഗിച്ച ചില കല്ലുകൾ നൂറുകണക്കിന് ടൺ ഭാരമുള്ളവയായിരുന്നു. ആ വെണ്ണകല്ലുകൾ ഒരു സ്ഥലത്തു നിന്ന് മറ്റൊരു സ്ഥലത്തേക്ക് കൊണ്ടു പോയത് പല രീതിയിലായിരുന്നു; (1) മൂന്നു കാലുള്ള പീഠത്തിന്മേലായിരുന്നു അവ നിർത്തിയിരുന്നത്, (2) ഒരു വാഗൺ പോലെ അതിന് ചക്രങ്ങളും ഘടിപ്പിച്ചിരുന്നു, (3) അതിനു ചുറ്റും ചക്രങ്ങളും ഉണ്ടായിരുന്നു, (4) അവക്കടിയിൽ തടികളും വെച്ചിരുന്നു. ഘനമുള്ള ഓരോ കല്ലും പല കാളകളെ ഉപയോഗിച്ചാണ് വലിച്ചിരുന്നത്. കല്ലുകളുടെ ഉയരത്തിൽ മൺതിട്ടകൾ ചരിച്ചുണ്ടാക്കുകയും, അതിനു ശേഷം കല്ല് പണിക്കായി നീക്കുകയും ചെയ്തു.

എ. ഡി. 70-ൽ റോമൻ പടയാളികൾ ആക്രമിച്ച് ദൈവാലയത്തിന്റെ വടക്കുവശത്ത് പുറമേയുള്ള കല്ലുകളാണ് ആദ്യം ഇളക്കുവാൻ ശ്രമിച്ചത്. അതിൽ അധികം വിജയിക്കാതെ അവർ കോണികൾ ഉപയോഗിച്ച് സ്തംഭങ്ങളിൻമേൽ കയറി തന്റെ പടയാളികളെ യെഹൂദന്മാർ ആക്രമിക്കുമെന്ന ഭയത്താൽ, ദൈവാലയത്തിന്റെ വാതിലിന് തീ കൊടുക്കുവാൻ ടൈറ്റസ് ആജ്ഞാപിച്ചു. അങ്ങനെ പടയാളികൾക്ക് ദൈവാലയത്തിൻെറ വേദിയിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞു. എങ്ങനെയായാലും വലിയ പരിശ്രമത്തോടെ, ടൈറ്റസ് തീ കെടുത്തി ദൈവാലയത്തെ നിലനിർത്തുവാൻ കൽപിച്ചു. എങ്കിലും, തീ പടർന്നു വ്യാപിക്കുവാൻ തുടങ്ങുകയും, ചില പടയാളികൾ ദൈവാലയത്തിന്റെ അകത്തെ പ്രാകാരത്തിന് തീ കൊളുത്തുകയും ചെയ്തു.[13] സ്പഷ്ടമായും മറിയാതെ

നിന്ന കല്ലുകൾ വിജയികളായ സൈന്യം മറിച്ചിടുകയായിരുന്നു.

യേശുവിന്റെ മുന്നറിയിപ്പനുസരിച്ച് ഓരോ കല്ലും ഭൗതികമായി നീക്കം ചെയ്യണമെന്നില്ല; തീ വെച്ച് ദൈവാലയം നശിപ്പിച്ചപ്പോൾ, യേശു പറഞ്ഞത് നിറവേറുകയായിരുന്നു (22:7 നോക്കുക). ദൈവാലയത്തിന്റെ മുകൾ ഭാഗം നശിപ്പിച്ചപ്പോൾ, അപ്പോഴും ഹെരോദാവിൻെറ നിർമാണ ജോലിക്കാർ പടിഞ്ഞാറ് ഭാഗത്ത് ഉപയോഗിച്ച കല്ലുകൾ കാണാമായിരുന്നു, അതിനെ "വിലാപമതിൽ" എന്നു വിളിച്ചിരുന്നു. അത് ദൈവാലയത്തിന്റെ ഉറപ്പിനായി വിപുലമാക്കി പണിത ഭാഗമായിരുന്നു.

ദൈവാലയം നശിപ്പിക്കുന്നത് പാപത്തിനുള്ള ശിക്ഷയായിട്ടായിരുന്നു യേശു പഠിപ്പിച്ചത്. അതുകൊണ്ട് ഹെരോദാവിന്റെ ആലയം വീണതിലും, ശലോമോന്റെ ആലയം ബി. സി. 586-ൽ വീണതിലും സമാനത കാണാം. ദൈവാലയത്തിന്റെ പൂർണ്ണ നാശത്തെ മുന്നറിയിച്ചതിനാൽ യേശുവിനെ "പിന്നീട്-വന്ന യിരെമ്യാവ്" എന്നാണ് ഡഗ്ലസ്സ് ആർ. എ ഹെയർ വിശേഷിപ്പിച്ചത്.[14] പ്രവാചകന്മാർ ചെയ്തതുപോലെ, ക്രിസ്തുവും ദൈവാലയ നാശത്തെ മുന്നറിയിച്ചു (യിരെ 7:14; 26:6, 18; മീഖാ. 3:12). പല യെഹൂദന്മാരും, എ. ഡി 70 ലെ യെരുശലേം നാശത്തെ ദൈവത്തിന്റെ ന്യായവിധിയായിട്ടാണ് കാണുന്നത്.[15] ദൈവാലയം വീണുപോകുമെന്ന് യേശു മുന്നറിയിച്ചിരുന്നു എങ്കിലും പ്രാരംഭ സഭ അവിടെ കൂടി വരുവാൻ മടിച്ചിരുന്നില്ല (പ്രവൃ. 2:46; 3:1, 11). യെഹൂദ ക്രിസ്ത്യാനികൾ, ഒരുപക്ഷെ അത് നശിക്കുന്നത് വരെ, തുടർച്ചയായി പോയിരിക്കാം (പ്രവൃ. 21:26, 27).

## ശിഷ്യന്മാരുടെ ചോദ്യങ്ങൾ (24:3)

**3അവൻ ഒലിവു മലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ചു അവന്റെ അടുക്കൽ വന്നു: "അതു എപ്പോൾ സംഭവിക്കും എന്നും നിന്റെ വരവിന്നും ലോകാവസാനത്തിന്നും അടയാളം എന്തു എന്നും പറഞ്ഞുതരേണം എന്നു അപേക്ഷിച്ചു."**

**വാക്യം 3.** രംഗം ദൈവാലയത്തിൽ നിന്ന് ഒലിവു മലയിലേക്ക് മാറുന്നു, അത് യെരുശലേമിന്റെ കിഴക്കുള്ള കിദ്രോൻ തോട്ടിനപ്പുറമാണ് (21:1 ന്റെ പരാമർശം നോക്കുക). യെഹൂദർ-അല്ലാത്ത വായനക്കാർക്ക് എഴുതുമ്പോൾ മർക്കൊസ് ഒലിവുമല "ദൈവാലയത്തിനെതിരെ" ആയിട്ടാണ് പറഞ്ഞത് (മർ. 13:3). ഈ സ്ഥാനത്ത് നിന്ന് നോക്കുമ്പോൾ, യേശുവിനും ശിഷ്യന്മാർക്കും മലയിലുള്ള ദൈവാലയവും മുഴുവൻ നഗരവും കാണാം. ആ സ്ഥലത്തു നിന്നുള്ള കാഴ്ച, വെളിപ്പാട് ഭാഷയിലുള്ള അതിന്റെ ബന്ധവും (സെഖ. 14:4), യെരുശലേമിന്റെ നാശത്തെക്കുറിച്ചും എല്ലാറ്റിന്റേയും അവസാനത്തെക്കുറിച്ചും പറയുന്നത് ഉചിതമായിരിക്കും.

**ശിഷ്യന്മാർ അവന്റെ അടുക്കലേക്ക് വന്നപ്പോൾ**, യേശു സാധാരണ ഒരു ഗുരുവിന്റെ **സ്ഥാനത്തായിരുന്നു** (5:1; 13:2; 23:2; 26:55). വന്നവർ, പത്രൊസ്, അന്ത്രയോസ്, യാക്കൊബ്, യോഹന്നാൻ എന്നിവരാണെന്ന് മർക്കൊസ് പ്രത്യേകമായി പറഞ്ഞു (മർ. 13:3). ആ നാലുപേരും യേശു വിളിച്ച ആദ്യത്തെ ശിഷ്യന്മാരായിരുന്നു (4:18-22). ശിഷ്യന്മാരുടെ ഉൾ വലയത്തിൽ പെട്ടവരായിരുന്നു ചുരുങ്ങിയത് മൂന്നുപേർ (17:1 ന്റെ പരാമർശം നോക്കുക).

അവർ **രഹസ്യമായി** വന്ന് ദൈവാലയനാശത്തിന്റെ പ്രവചനത്തെ കുറിച്ച് ചോദിച്ചു. അവർ ചോദിച്ചു, **"അവയെല്ലാം എപ്പോൾ സംഭവിക്കും, നിന്റെ വരവിന്റേയും യുഗാവസാനത്തിന്റേയും അടയാളം എന്ത്?"** ഗ്രീക്ക് വേദപുസ്തകം സൂചിപ്പിക്കുന്നത് അവർ രണ്ട് ചോദ്യങ്ങൾ ചോദിച്ചു എന്നാണ്. ശിഷ്യന്മാർ ആദ്യം ചോദിച്ചു, "ഞങ്ങളോടു പറക, ഇവയെല്ലാം എപ്പോൾ സംഭവിക്കും?" "ഇവയെല്ലാം" എന്ന പ്രയോഗം ഈ അദ്ധ്യായത്തിലെ മുഖ്യ പ്രയോഗമാണ്, അത് യെരുശലേമിൻെറ വീഴ്ചയുമായി ബന്ധപ്പെട്ടതുമാണ് അതിനു പുറമേ ശിഷ്യന്മാർ ചോദിച്ചു, "നിന്റെ വരവിന്റേയും, യുഗാവസാനത്തിന്റേയും അടയാളം എന്ത്?" ക്രിസ്തുവിന്റെ "വരവും" "യുഗാവസാനവും" വ്യാകരണപ്രകാരം യോജിച്ചിരിക്കുന്നു,[16] അതുകൊണ്ട് "ഒരു അടയാളം" മതിയാകും. ആ സംഭവങ്ങളെല്ലാം ഒരേ സമയത്ത് നടക്കുമെന്നായിരുന്നു ശിഷ്യന്മാർ മനസിലാക്കിയത്.

ഗ്രീക്ക് വാക്ക് "വരവ്" (*പരൗസിയ*) എന്നത് പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്. "ഒരാൾ സ്റ്റേജിലേക്ക് ഒന്നാമനായി സന്നിഹിതനാകുക" എന്നാണ് അർത്ഥം.[17] എങ്ങനെയായാലും, ആ വാക്കിന് കൂടുതൽ സാങ്കേതിക അർത്ഥങ്ങളുണ്ട്. ഗ്രീക്ക് സാഹിത്യത്തിൽ പരൗസിയ ഉപയോഗിച്ചിരിക്കുന്നത് മറഞ്ഞിരുന്ന ആൾ എത്തിച്ചേരുന്നതിനെയാണ്, അയാളുടെ ശക്തി അപ്പോൾ പ്രദർശിപ്പിക്കുകയും ചെയ്യും. അതിനു പുറമേ, അത് ഉയർന്ന-തലത്തിലുള്ള ഒരുദ്യോഗസ്ഥൻ, ഉദാഹരണമായി ഒരു രാജാവ് അല്ലെങ്കിൽ ചക്രവർത്തിയുടെ സന്ദർശനത്തെ സൂചിപ്പിക്കുന്നു.[18] ക്രിസ്തുവിന്റെ വരവിൽ ആ രണ്ടു നിർവ്വചനങ്ങളും യോജിക്കുന്നതാണ്. അവൻ ദൈവത്തിന്റെ പുത്രനും, രാജാധി രാജാവും കർത്താധി കർത്താവുമാണ്. അവൻ ഇപ്പോൾ മറഞ്ഞിരിക്കുന്നു എങ്കിലും, അവൻ എല്ലാവർക്കും വെളിപ്പെട്ട്, ശക്തിയോടുകൂടി ന്യായം വിധിക്കും. അവന്റെ വിശ്വസ്തരായ അനുയായികൾക്കിടയിൽ അവന്റെ വരവ് തീർച്ചയായും ഒരു പ്രാരംഭ വേദിയായിരിക്കും. ഈ അദ്ധ്യായത്തിൽ *പരൗസിയ* എന്ന വാക്ക് പല പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (24:3, 27, 37, 39). മറ്റു പുതിയ നിയമ എഴുത്തുകളിലും യേശുവിന്റെ വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു (1 കൊ. 15:23; 1 തെസ്സ. 2:19; 3:13; 4:15; 5:23; 2 തെസ്സ. 2:1, 8; യാക്കൊ. 5:7, 8; 2 പത്രൊ. 1:16; 3:4; 1 യോഹ. 2:28).

"ലോകാവസാനം" എന്ന പ്രയോഗം മത്തായിയിൽ അഞ്ചു പ്രാവശ്യം വരുന്നു (13:39, 40, 49; 24:3; 28:20; എബ്രാ. 9:26 നോക്കുക.) അവയെല്ലാം തന്നെ, അർത്ഥമാക്കുന്നത് ലോകാവസാനത്തെയാണ്, അല്ലാതെ യെഹൂദ സമ്പദ് വ്യവസ്ഥയുടേയോ അല്ലെങ്കിൽ മോശയുടെ കാലത്തിന്റേയോ അവസാനമല്ല പറയുന്നത്.

---

കുറിപ്പുകൾ

[1]നോക്കുക ഫിലോ *സ്പെഷ്യൽ ലാസ്സ്* 1.14. [2]മക്കാബീസ് 2:22. [3]ജോസെഫസ് *വാഴ്സ്* 1.21.1. [4]ജോസെഫസ് *ആന്റികിറ്റീസ്* 15.11.6. [5]ഇബിഡ്., 20.9.7. [6]ജോസെഫസ് *വാഴ്സ്* 5.5.6. [7]താൽമൂദ് *ബാബാ ബാത്ര* 4എ. [8]ജാക്ക് പി. ലേവിസ് പറഞ്ഞത് "അഥേനയിലെ അക്രോപ്പൊലിസിനെക്കാൾ ഇരട്ടി വലിപ്പമാണു ദൈവാലയ സമുച്ചയത്തിനുണ്ടായിരുന്നത്" (ജാക്ക് പി. ലേവിസ്, *ദ ഗോസ്പെൽ എക്കൊഡിങ് റ്റു മാത്യു,* പാർട്ട് 2, ദ ലിവിങ് വേഡ് കമന്ററി. [ആസ്റ്റിൻ, ടെക്സ്.: സ്വീറ്റ് പബ്ലിഷിംഗ് കമ്പനി., 1976]

120.) [9]ജോസെഫസ് *ആന്റിക്വിറ്റീസ്* 15.11.3; നോക്കുക 15.11.5. [10]ഫിലോ *സ്പെഷ്യൽ ലാസ്* 1.13. ഫിലോയുടേത് പറയുന്നത് "ദ ഇന്നർ സർക്യൂട്ട്" എന്നാണ്. ഉള്ളിലുള്ള അസംഖ്യം പ്രാകാര ഇരിപ്പിടങ്ങളെ, പുരോഹിതന്മാർക്കായി വേർതിരിച്ചിരിക്കുന്നതും, യിസ്രായേല്യ സ്ത്രീകൾക്കുള്ളതും ആയിരുന്നു.

[11]ജോസെഫസ് *ആന്റിക്വിറ്റീസ്* 15.11.5. [12]റൊണാൾഡ് എ. ഹാഗ്നർ, *മാത്യു* 14–28, വേഡ് ബിബ്ലിക്കൽ കമന്ററി, വാല്യം. 33ബി (ഡളാസ്: വേഡ് ബുക്ക്സ്, 1995), 688; നോക്കുക ഹഗ്ഗായി 2:15. [13]ജോസെഫസ് *വാഴ്സ്* 6.4.1–8. [14]ഡഗ്ലസ്സ് ആർ. എ. ഹെയർ, *മാത്യു,* ഇന്റർപ്രെട്ടേഷൻ (ലൂയീസ്‌വിലേ: ജോൺ നോക്സ് പ്രസ്, 1993), 273. [15]ജോസെഫസ് വാഴ്സ് 6.5.3, 4; താൽമൂദ് ഷബാത്ത് 119ബി; യോമ 9ബി. [16]ഗ്രീക്കിൽ "വരവും" "അവസാനവും" ഒരേ രീതിയിലാണ് പറഞ്ഞിരിക്കുന്നത്. [17]വാൾട്ടർ ബാവർ, *എ ഗ്രീക്ക്-ഇംഗ്ലീഷ് ലക്സിക്കൻ ഓഫ് ദ ന്യൂടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ,* 3 ഡ്., റവ. ആന്റ് എഡി ഫ്രെഡറിക് ഡബ്ലിയു. ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്സ്, 2000), 780. [18] ഇബിഡ്, 780–81.